**ലോക മാനസികാരോഗ്യ ദിനം**

ആരോഗ്യമുള്ള സമൂഹത്തെയും രാജ്യത്തെയും രൂപപ്പെടുത്തുന്നതിൽ ഓരോ വ്യക്തിയുടെയും മാനസികാരോഗ്യം വളരെ പ്രധാനമാണ്. മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും മാനസികാരോഗ്യം പരിപോഷിപ്പിക്കാനുമായി ലോകാരോഗ്യ സംഘടനയുടെ ആഹ്വാനപ്രകാരം എല്ലാ വർഷവും ഒക്ടോബർ 10 ലോക മാനസികാരോഗ്യ ദിനമായി ആചരിക്കുന്നു. മാനസിക രോഗത്തിന്റെ ഗൗരവത്തെക്കുറിച്ച് ബോധവത്കരണം നടത്തുക, മാനസികാരോഗ്യ സംരക്ഷണത്തിന് അനുയോജ്യമായ ജീവിതസാഹചര്യം ഒരുക്കുക തുടങ്ങിയവയാണ് ഈ ദിനാചരണംകൊണ്ട് ലക്ഷ്യമിടുന്നത്.

# നാട്ടുവിശേഷം

## ഡിജിറ്റൽ സർവേ: കലക്ടർ സന്ദർശിക്കും

**കാസർകോട്:** 'എന്റെ ഭൂമി ഞാൻ ഉറപ്പാക്കി' കാമ്പയിൻ ഡിജിറ്റൽ ലാൻഡ് സർവേ പൂർത്തീകരിച്ച ഉജാർ ഉൾവാർ വില്ലേജിൽ നൂറു ശതമാനം ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും പരാതി രഹിത റെക്കോഡ് തയാറാക്കുന്നതിനും കലക്ടർ കെ. ഇമ്പശേഖർ സന്ദർശിക്കും. കലക്ടറും സർവേ-റവന്യൂ ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമാണ് വ്യാഴാഴ്ച ഉജാർ ഉൾവാർ വില്ലേജിലേക്ക് എത്തുന്നത്. ഡിജിറ്റൽ സർവേ പൂർത്തീകരിച്ച് റവന്യൂ വകുപ്പിന് കൈമാറ്റം ചെയ്യുന്ന വില്ലേജുകളിൽ പിന്നീട് ഡിജിറ്റൽ സർവേ റെക്കോഡിങ് ആസ്പദമാക്കി മാത്രമായിരിക്കും സർവേ-റവന്യൂ വകുപ്പുകളുടെ സേവനം (ഭൂമിയുടെ ക്രയവിക്രയങ്ങൾ, ലോൺ, നികുതിയടവ് പോലുള്ളവ) ലഭ്യമാവുകയുള്ളു. ഉജാർ ഉൾവാർ വില്ലേജിലെ ജനങ്ങൾക്ക് സർവേ റെക്കോഡ് പരിശോധിക്കാനും പരാതി സമർപ്പിക്കാനും വീണ്ടുമൊരു സുവർണാവസരമാണ് ഇതുവഴി ഒരുങ്ങുന്നത്. ബായിക്കട്ട വനിത വിപണനകേന്ദ്രത്തിൽ രാവിലെ 9.45 മുതൽ 11വരെയാണ് പരിപാടി.

## ധർണ നടത്തി

**കാസർകോട്:** ബെഫി ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ ധർണ നടത്തി. സഹകരണ മേഖലയെ തകർക്കുന്ന കേന്ദ്രസർക്കാർ നയങ്ങൾ തിരുത്തുക, ജീവനക്കാരുടെ കുറവ് അടിയന്തരമായി പരിഹരിച്ച് കേരള ബാങ്ക് ഇടപാട് സൗഹൃദമാക്കുക, അടഞ്ഞുകിടക്കുന്ന എ.ടി.എം കൗണ്ടർ തുറക്കുക, ശമ്പളപരിഷ്കരണം നടപ്പിലാക്കുക, പെൻഷൻ പദ്ധതി പരിഷ്കരിക്കുക, കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് കാസർകോട് സി.പി.സിക്ക് മുന്നിൽ ധർണ നടത്തിയത്. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിജി മാത്യു ഉദ്ഘാടനം ചെയ്തു. കെ. രാഘവൻ അധ്യക്ഷത വഹിച്ചു.

## മസ്റ്ററിങ്

# തണലായി ആശുപത്രി

**കാസർകോട്:** ജനറൽ ആശുപത്രിയിൽ രോഗികൾക്ക് പരിശോധനയും ചികിത്സയും മരുന്നുവിതരണവും മാത്രമല്ല, ചികിത്സയിൽ കഴിയുന്നവർക്ക് കാരുണ്യ-സേവന പ്രവർത്തനങ്ങളും ലഭ്യമാക്കുന്നുണ്ട്. മുൻഗണന റേഷൻ കാർഡ് ഉടമകൾ മസ്റ്ററിങ് നടത്തണമെന്ന നിർദേശത്തെ തുടർന്ന് ജനറൽ ആശുപത്രി അധികൃതരും സപ്ലൈ ഓഫിസ് അധികൃതരും റേഷൻ കടയുടമകളും കൈകോർത്തപ്പോൾ നിരവധി രോഗികൾക്കും കുടുംബത്തിനുമത് അനുഗ്രഹമായി മാറി. മഞ്ഞയും പിങ്കും കളറിലുള്ള റേഷൻ കാർഡ് ഉടമകൾ ഒക്ടോബർ എട്ടിനുള്ളിൽ നിർബന്ധമായും മസ്റ്ററിങ് നടത്തണമെന്നായിരുന്നു നിർദേശം. ഇതിനായി പലപ്രാവശ്യം റേഷൻകടകളിൽ ആധാർ കാർഡുമായി പോയപ്പോൾ അവിടത്തെ തിരക്കും ഇ-പോസ് മെഷിന്റെ തകരാറും കാരണം പലർക്കും മസ്റ്ററിങ് നടത്താൻ സാധിച്ചിരുന്നില്ല. കഴിഞ്ഞ ദിവസമായിരുന്നു അവസാനദിവസം. മാസങ്ങളും ദിവസങ്ങളുമായി ചികിത്സയിൽ കഴിയുന്നവരും അവരുടെ കൂട്ടിരിപ്പുകാരും മസ്റ്ററിങ് നടത്താൻ കഴിയാതെ വിഷമത്തിലായിരുന്നു. ഇവർക്ക് ആശ്വാസവും സന്തോഷവും നൽകിയ പ്രവൃത്തിയാണ് അധികൃതരുടെ നല്ല മനസ്സുകൊണ്ട് ആശുപത്രി പരിസരത്ത് നടന്നത്. ഐ.സി.യുവിൽ അഡ്മിറ്റാക്കിയവരുടെ ബന്ധുക്കളും പ്രസവ ചികിത്സക്കെത്തിയവരും സർജറി കഴിഞ്ഞ രോഗികളും ബന്ധുക്കളുമടക്കം ഈ സൗകര്യം പ്രയോജനപ്പെടുത്തി.

ജനറൽ ആശുപത്രിയിൽ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും മസ്റ്ററിങ് നടത്തുന്നു

ചായ്യോത്ത് പെൻഷൻമുക്ക് ഇറക്കത്തിലെ റോഡിൽ രൂപപ്പെട്ട ഗർത്തം

## റോഡിൽ വൻ ഗർത്തം

**നീലേശ്വരം:** ചായ്യോത്തുനിന്ന് കയ്യൂർ ഭാഗത്തേക്ക് പോകുന്ന റോഡിലെ പെൻഷൻമുക്ക് ഇറക്കത്തിൽ വൻ ഗർത്തം രൂപപ്പെട്ടു. കയ്യൂരിൽനിന്ന് ചായ്യോം, നീലേശ്വരം ഭാഗത്തേക്കും ചായ്യോത്തുനിന്ന് കയ്യൂർ-ചീമേനി, ചെറുവത്തൂർ ഭാഗത്തേക്കും പോകാൻ ജനങ്ങൾ ആശ്രയിക്കുന്ന പ്രധാന റോഡിൽ രൂപപ്പെട്ട ഗർത്തം ഏറെ ആശങ്കയുണ്ടാക്കുന്നു. നൂറുകണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന റോഡിലാണ് 30 അടിയോളം താഴ്ചയിൽ ഗർത്തം രൂപപ്പെട്ടിരിക്കുന്നത്. നിലവിൽ കുഴി രൂപപ്പെട്ട ഭാഗത്ത് കല്ലുകൾവെച്ച് ഗതാഗതം നിയന്ത്രിച്ചിരിക്കുകയാണ്. ഏകദേശം ഒരുവർഷം മുമ്പാണ് ചായ്യോത്ത് മുതൽ അരയാക്കടവ് പാലംവരെയുള്ള ഭാഗങ്ങളിൽ ടാറിങ് നടത്തിയത്. ഇതു പലഭാഗത്തും പൊളിഞ്ഞുതുടങ്ങിയിട്ടുണ്ട്. റോഡിൽ കുഴി രൂപപ്പെട്ടപ്പോൾത്തന്നെ നാട്ടുകാർ അധികൃതരുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. ഇത് താൽക്കാലികമായി ടാറിങ് നടത്തുകയായിരുന്നു. ഈ ഭാഗമാണ് ഇപ്പോൾ ഇടിഞ്ഞുതാഴ്ന്ന് വൻ ഗർത്തം രൂപപ്പെട്ടിരിക്കുന്നത്.

സംസ്ഥാന സ്പെഷൽ സ്കൂൾ കലോത്സവത്തിൽ മികച്ച നേട്ടം കൈവരിച്ച ചെർക്കള മാർത്തോമാ ബധിര വിദ്യാലയം

## സംസ്ഥാന സ്പെഷൽ സ്കൂൾ കലോത്സവം

# ചെർക്കള മാർത്തോമ ബധിര വിദ്യാലയത്തിന് മികച്ചനേട്ടം

**കാഞ്ഞങ്ങാട്:** കണ്ണൂരിൽ നടന്ന 25ാമത് സംസ്ഥാന സ്പെഷൽ സ്കൂൾ കലോത്സവത്തിൽ ചെർക്കള മാർത്തോമാ ബധിര വിദ്യാലയത്തിന് മികച്ചനേട്ടം.

ഹയർ സെക്കൻഡറി വിഭാഗത്തിൽ 50ൽ 50 പോയന്റ് നേടി സംസ്ഥാനതലത്തിൽ ഒന്നാമത് എത്തി. ഹൈസ്കൂൾ തലത്തിൽ 50ൽ 44 പോയന്റ് നേടി നാലാം സ്ഥാനത്തും എത്തി. ആകെ 100ൽ 94 പോയന്റ് നേടി സംസ്ഥാനതലത്തിൽ നാലാമത് എത്താനും സ്കൂളിന് സാധിച്ചു. ഹയർ സെക്കൻഡറി വിഭാഗത്തിൽ ചിത്രീകരണത്തിൽ എ ഗ്രേഡോടെ ഒന്നാമത് എത്തിയപ്പോൾ പെൻസിൽ ഡ്രോയിങ്ങിൽ എ ഗ്രേഡോടെ രണ്ടാം സ്ഥാനത്തെത്തി. ബാൻഡ് ഡിസ് പ്ലേ, ഒപ്പന, ദേശീയഗാനം, ആൺകുട്ടികളുടെ മോണോ ആക്ട്, പെൺ കുട്ടികളുടെ മോണോ ആക്ട്, പെയിന്റിങ്, പദ്യപാരായണം, നാടോടിനൃത്തം എന്നിവയിൽ എ ഗ്രേഡും ലഭിച്ചു. ഹൈസ്കൂൾ വിഭാഗം സംഘനൃത്തത്തിൽ എ ഗ്രേഡോടെ ഒന്നാമത് എത്തിയപ്പോൾ ആൺകുട്ടികളുടെ മോണോ ആക്ടിലും പെൺകുട്ടികളുടെ മോണോ ആക്ടിലും എ ഗ്രേഡോടെ മൂന്നാം സ്ഥാനത്ത് എത്താനും സ്കൂളിനായി.

ബാൻഡ് ഡിസ് പ്ലേ, ചിത്രീകരണം, ദേശീയഗാനം, നാടോടിനൃത്തം എന്നിവയിൽ എ ഗ്രേഡ് ലഭിച്ചപ്പോൾ, പെൻസിൽ ഡ്രോയിങ്, പദ്യപാരായണം 70ഡെസിബലിന് മുകളിൽ, പദ്യപാരായണം 70ഡെസിബലിന് താഴെ എന്നിവക്ക് ബി ഗ്രേഡും ലഭിച്ചു.

ബാൻഡ് ഡിസ് പ്ലേ, ചിത്രീകരണം എന്നിവ സ്കൂളിലെ പൂർവവിദ്യാർഥികളായ കെ.ജെ. ശ്രീരാഗ്, മുഹമ്മദ് അഫ്രാഹിം എന്നിവരാണ് പരിശീലനം നൽകിയത്. മോണോ ആക്ട് നാലും പരിശീലിപ്പിച്ചത് സ്കൂളിലെ അധ്യാപകനും സംസ്ഥാന അധ്യാപക അവാർഡ് ജേതാവുമായ കെ.ടി. ജോഷി മോനാണ്.

അധ്യാപകരുടെയും വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും കൂട്ടായ പ്രയത്നമാണ് സ്കൂളിന് അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞതെന്ന് സ്കൂൾ അഡ്മിനിസ്ട്രേറ്റർ ഫാ. മാത്യു ബേബി അനുമോദനയോഗം ഉദ്ഘാടനം ചെയ്ത് പറഞ്ഞു. പി.ടി.എ പ്രസിഡന്റ് ഭാസ്കർ അധ്യക്ഷത വഹിച്ചു. സ്കൂൾ പ്രധാനാധ്യാപിക ഷീല സ്വാഗതവും സ്കൂൾ കലോത്സവ ടീം മാനേജർ ജോഷിമോൻ നന്ദിയും പറഞ്ഞു.

## അധ്യാപികയെ പുറത്താക്കണം: യൂത്ത് ലീഗ് ഡി.ഡി.ഇ ഓഫിസ് ഉപരോധിച്ചു

**കുമ്പള:** കേന്ദ്ര-സംസ്ഥാന സർക്കാർ സർവിസിൽ ജോലി വാഗ്ദാനംചെയ്ത് പലരിൽനിന്നായി കോടികൾ തട്ടിയെടുത്ത ഡി.വൈ.എഫ്.ഐ നേതാവും ബാഡൂർ സ്കൂളിലെ അധ്യാപികയുമായ സചിതാറൈയെ അടിയന്തരമായി സർവിസിൽനിന്ന് പിരിച്ചുവിടണമെന്നാവശ്യപ്പെട്ട് മഞ്ചേശ്വരം നിയോജകമണ്ഡലം മുസ്‌ലിം യൂത്ത് ലീഗ് നേതാക്കൾ ഡി.ഡി.ഇ ഓഫിസ് ഉപരോധിച്ചു.

കാസർകോട്ടെ കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിൽ അസി. മാനേജർ, കേന്ദ്രീയ വിദ്യാലയത്തിൽ അധ്യാപക നിയമനം, കർണാടക എക്സൈസിൽ നിയമനം എന്നിങ്ങനെ ഉയർന്ന പദവിയിലുള്ള ജോലി വാഗ്ദാനം ചെയ്താണ് സചിതാറൈ കോടികൾ തട്ടിയെടുത്തത്. പുത്തിഗെ, ബാഡൂർ, കിദൂർ എന്നിവിടങ്ങളിലെ 16 പേരിൽനിന്നായി കോടികൾ തട്ടിയെടുത്തതായി പൊലീസിന് വിവരം ലഭിച്ചിട്ടും ശക്തമായ നടപടി സ്വീകരിക്കാൻ തയാറായിട്ടില്ല. തട്ടിപ്പിന് കൂട്ടുനിന്ന മുഴുവനാളുകളെയും എത്രയുംവേഗം നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും യൂത്ത് ലീഗ് ആവശ്യപ്പെട്ടു. കെ.എസ്.ടി.എ, സി.പി.എം നേതാവായ സചിതാറൈയെ നാണക്കേട് മറയ്ക്കാനാണ് പാർട്ടിയിൽനിന്ന് പുറത്താക്കിയത്. എന്നാൽ, പരോക്ഷമായി സി.പി.എം അവരെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഭരണത്തിന്റെ തണലിൽ എന്തും ചെയ്യാമെന്ന അവസ്ഥയിലേക്ക് സി.പി.എം നേതാക്കളും പ്രവർത്തകരും മാറിക്കഴിഞ്ഞതായി നേതാക്കൾ ആരോപിച്ചു.

ഇത്തരത്തിൽ കോഴ വാങ്ങുന്ന സി.പി.എം, ഡി.വൈ.എഫ്.ഐ നേതാക്കളുടെ പിന്നാമ്പുറ കഥകളും ബി.ജെ.പി ബന്ധവും അന്വേഷിക്കണമെന്നും യൂത്ത് ലീഗ് നേതാക്കൾ ആവശ്യപ്പെട്ടു. അസീസ് കളത്തൂർ, ബി.എം. മുസ്തഫ, സിദ്ദീഖ് ദണ്ഡഗോളി, മജീദ് പച്ചമ്പള, പി.എച്ച്. അസ്അരി, ജംഷീർ മൊഗ്രാൽ, റഹീം നീറോളി, എം.ജി. നാസർ, സിദ്ദീഖ് ഒളമുഗർ തുടങ്ങിയവർ നേതൃത്വം നൽകി.

സി.പി.എം വെസ്റ്റ് ലോക്കൽ സമ്മേളനം കോട്ടപ്പുറം ജില്ല സെക്രട്ടേറിയറ്റ് അംഗം വി.വി. രമേശൻ ഉദ്ഘാടനം ചെയ്യുന്നു

## സി.പി.എം ലോക്കൽ സമ്മേളനങ്ങൾ ആരംഭിച്ചു

**നീലേശ്വരം:** സി.പി.എം നീലേശ്വരം വെസ്റ്റ് ലോക്കൽ സമ്മേളനം കോട്ടപ്പുറം നഗരസഭ ടൗൺ ഹാളിൽ ജില്ല സെക്രട്ടേറിയറ്റ് അംഗം വി.വി. രമേശൻ ഉദ്ഘാടനം ചെയ്തു. കെ.വി. വേണു അധ്യക്ഷത വഹിച്ചു.

ജില്ല കമ്മിറ്റി അംഗം ബേബി ബാലകൃഷ്ണൻ, കരുവക്കാൽ ദാമോദരൻ, ടി.വി. ഭാസ്കരൻ, കെ.വി. ദാമോദരൻ, ടി.വി. ശാന്ത, പി.പി. മുഹമ്മദ്റാഫി, കെ. രാഘവൻ, കെ.പി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു. ലോക്കൽ സെക്രട്ടറി പി.വി. സതീശൻ റിപ്പോർട്ട് അവതരിപ്പിച്ചു. പി. സാമിക്കുട്ടി രക്തസാക്ഷി പ്രമേയവും കെ. സുരേഷ്ബാബു അനുശോചനപ്രമേയവും അവതരിപ്പിച്ചു. സി.പി.എം ബിരിക്കുളം ലോക്കൽ സമ്മേളനം കാളിയാനത്ത് ജില്ല സെക്രട്ടേറിയറ്റ് അംഗം വി.കെ. രാജൻ ഉദ്ഘാടനം ചെയ്തു. വി.കെ. നാരായണൻ അധ്യക്ഷത വഹിച്ചു. വി. രാജേഷ്, വി.കെ. നാരായണൻ, ഉഷ ബാലകൃഷ്ണൻ, എം. രാജൻ, എം. ലക്ഷ്മി, കെ. ലക്ഷ്മണൻ, പാറക്കോൽ രാജൻ, കയനി മോഹനൻ, പി.വി. ചന്ദ്രൻ, ടി.പി. ശാന്ത, ഷൈജമ്മ ബെന്നി, എം.വി. രതീഷ്, പി.എൻ. രാജ്മോഹൻ എന്നിവർ സംസാരിച്ചു. ലോക്കൽ സെക്രട്ടറി വി.മോഹനൻ റിപ്പോർട്ട് അവതരിപ്പിച്ചു. ടി. അനീഷ് രക്തസാക്ഷി പ്രമേയവും കെ. മണി അനുശോചന പ്രമേയവും അവതരിപ്പിച്ചു.

## 'ചന്ദ്രഗിരി റോഡ്: സമഗ്ര അന്വേഷണം നടത്തണം'

**കാസർകോട്:** 16 ദിവസം റോഡ് പൂർണമായും അടച്ചിട്ട് അറ്റകുറ്റപ്പണി നടത്തിയ ചന്ദ്രഗിരി റോഡ് ഗതാഗതത്തിനായി തുറന്നു കൊടുത്ത ഒറ്റ ദിവസം കൊണ്ടു തന്നെ തകർന്നടിഞ്ഞു. ഇതിനെക്കുറിച്ച് സർക്കാർ സമഗ്രമായ അന്വേഷണം നടത്തണമെന്നും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും നാഷനൽ ലീഗ് ജില്ല കമ്മിറ്റി ആവശ്യപ്പെട്ടു. ഭാരമേറിയ വാഹനങ്ങൾ പോയതു കൊണ്ടാണ് തകർന്നതെന്ന പൊതുമരാമത്ത് അധികൃതരുടെ വാദം ബാലിശമാണെന്നും, ഏതുതരം വാഹനങ്ങൾക്കും പ്രവേശനാനുമതിയുള്ള റോഡിന്റെ പ്രവൃത്തിയെക്കുറിച്ചുള്ള പൊതുമരാമത്ത് അധികൃതരുടെ അജ്ഞതയാണ് ഇതിലൂടെ ചൂണ്ടിക്കാട്ടുന്നതെന്നും പ്രസിഡന്റ് ഇഖ്ബാൽ മാളിക, ജനറൽ സെക്രട്ടറി എ.കെ. കമ്പാർ എന്നിവർ പറഞ്ഞു.

## സ്കോളർഷിപ് വിതരണം

**ചെമ്മനാട്:** ജമാഅത്ത് ഹയർസെക്കൻഡറി സ്കൂൾ 1997-98 എസ്.എസ്.എൽ.സി ബാച്ച് കൂട്ടായ്മ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് ഏർപ്പെടുത്തിയ സ്കോളർഷിപ്പിന്റെവിതരണോദ്ഘാടനം സ്കൂൾ അസംബ്ലിയിൽ റിട്ട. പ്രിൻസിപ്പൽ കെ. മുഹമ്മദ് കുഞ്ഞി മാഷ് നിർവഹിച്ചു.

പി.ടി.എ പ്രസിഡന്റ് അബ്ദുല്ല പാലോത്ത് അധ്യക്ഷത വഹിച്ചു. ഷാനവാസ് ബെദിര, ഷഫീഖ് ചെങ്കള, സമീർ ചെമ്മനാട്, ജാഫർ ഉലൂജി, സബ്രിന ചൗക്കി, ഷബാന ബടക്കംബാത്ത്, ഫർഹാന ലേസ്യത്ത്, സി.എം. ഫസീല, സൈബുന്നിസ കോലാത്തൊട്ടി എന്നിവർ പങ്കെടുത്തു.

സ്കൂൾ ഹെഡ്മാസ്റ്റർ കെ. വിജയൻ മാഷ് സ്വാഗതവും രതീഷ് പരവനടുക്കം നന്ദിയും പറഞ്ഞു.

## അസി. എൻജിനീയർ നിയമനം

**നീലേശ്വരം:** നഗരസഭയിൽ അസി. എൻജിനീയറുടെ നിലവിലുള്ള ഒഴിവിലേക്കായി കരാറടിസ്ഥാനത്തിൽ താൽക്കാലികമായി ഒരു അസി. എൻജിനീയറെ നിയമിക്കുന്നു. വെള്ളിയാഴ്ച രാവിലെ 11ന് നഗരസഭ ഓഫിസിൽ കൂടിക്കാഴ്ച നടത്തുന്നു. നിയമനം പൂർണമായും താൽക്കാലിക അടിസ്ഥാനത്തിലും നീലേശ്വരം നഗരസഭ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായിരിക്കുന്നതാണെന്നും അറിയിക്കുന്നു. ബി.ടെക് -സിവിൽ ഇവയിൽ ഏതെങ്കിലും സർക്കാർ, പൊതുമേഖലാ സ്ഥാപനത്തിൽ മൂന്നു വർഷത്തിൽ കൂടുതൽ അസി. എൻജിനീയറായി പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. വിരമിച്ച എൻജിനീയർമാർക്കും അപേക്ഷിക്കാം.

## ബാബുരാജ് അനുസ്മരണം

**തൃക്കരിപ്പൂർ:** അനശ്വരഗാനങ്ങൾ കൈരളിക്ക് സമ്മാനിച്ച സംഗീതജ്ഞൻ എം.എസ്. ബാബുരാജിന് സ്മരണാഞ്ജലികൾ അർപ്പിച്ച് ഉദിനൂർ സെൻട്രൽ എ.യു.പി സ്കൂൾ.

എം.എസ്. ബാബുരാജ് ഓർമദിനത്തിൽ പ്രത്യേക അസംബ്ലിയിൽ രക്ഷിതാക്കളും നാട്ടുകാരും അധ്യാപകരും കുട്ടികളും ബാബുരാജിന്റെ അവിസ്മരണീയ ഗാനങ്ങൾ ആസ്വദിച്ചു. അനുസ്മരണ പ്രഭാഷണവും നടന്നു. ഗാനങ്ങൾക്കൊപ്പം കുട്ടികൾ ബാബുരാജിന്റെ ചിത്രം വരച്ച് ആദരം അർപ്പിച്ചു.

പി.ടി.എ അംഗങ്ങളായ എ.കെ. രമ്യ, മായ രാധാകൃഷ്ണൻ, ഷൈജു കണ്ണോത്ത് തുടങ്ങിയവർ ബാബുക്കയുടെ മധുരഗാനങ്ങൾ ആലപിച്ചു. സാഹിത്യവേദി അംഗങ്ങളായ അൻവിത അനീഷ്, ഗൗരീനന്ദ, യശ്വന്ത്, ഹർഷിൻ രാജ് എന്നിവർ വിവിധ പരിപാടികൾ അവതരിപ്പിച്ച ചടങ്ങിൽ ആരാധ്യ നായർ അവതാരകയായി. പ്രധാനാധ്യാപകൻ എ.വി. സന്തോഷ് കുമാർ നേതൃത്വം നൽകി.

## മീഡിയ വൺ

| | | | |
|---|---|---|---|
| 06.00 | ന്യൂസ് അപ്ഡേറ്റ് | 03.30 | മീഡിയവൺ കാൾ സെന്റർ |
| 07.00 | ന്യൂസ് മോർണിംഗ് | 04.00 | ഈവനിംഗ് എഡിഷൻ |
| 07.30 | ഫാസ്റ്റ് ന്യൂസ് | 05.30 | ഫാസ്റ്റ് ന്യൂസ് |
| 08.00 | ന്യൂസ് മോർണിംഗ് | 06.00 | ഈവനിംഗ് ന്യൂസ് |
| 09.00 | ന്യൂസ് @ 9 | 06.30 | നാട്ടുവിശേഷം |
| 10.00 | സിറോ അവർ | 07.00 | ജസ്റ്റ് എ മിനിറ്റ് |
| 11.30 | ഫാസ്റ്റ് ന്യൂസ് | 07.30 | ന്യൂസ് അപ്ഡേറ്റ് |
| 12.00 | സിറോ അവർ | 08.00 | ന്യൂസ് ഡികോഡ് |
| 01.00 | ഫസ്റ്റ് റൗണ്ട് അപ്പ് | 08.30 | ഔട്ട് ഓഫ് ഫോകസ് |
| 01.30 | ഫാസ്റ്റ് ന്യൂസ് | 09.00 | സ്പെഷ്യൽ എഡിഷൻ |
| 02.00 | ന്യൂസ് അപ്ഡേറ്റ് | 10.00 | ഷാർപ് 10 |
| 02.30 | ഫാസ്റ്റ് ന്യൂസ് | 10.30 | നൈറ്റ് റിപ്പോർട്ട് |
| 03.00 | ന്യൂസ് അപ്ഡേറ്റ് | 11.00 | മിഡ് ഈസ്റ്റ് അവർ |

## വിപണി

# സ്വർണം, തങ്കം, വെള്ളി വില കറുഞ്ഞു

**കോഴിക്കോട്:** സ്വർണത്തിന് 560ഉം തങ്കത്തിന് 550ഉം വെള്ളിക്ക് 1600 രൂപയും വിലകുറഞ്ഞു.

| | |
|---|---|
| സ്വർണം | 56240 |
| തങ്കം | 76500 |
| വെള്ളി | 91100 |
| വെളിച്ചെണ്ണ | 21200 |
| കൊപ്ര എടുത്തപടി | 13800 |
| കൊപ്ര റാസ് | 13400 |
| കൊപ്ര ദിൽപസന്ത് | 13900 |
| കൊപ്ര രാജപ്പൂർ | 18000 |
| കൊപ്ര ഉണ്ട | 15000 |
| പിണ്ണാക്ക് റോട്ടറി | 3200 |
| പിണ്ണാക്ക് എക്സ്പല്ലർ | 2900 |
| നാളികേരം നാടൻ | |
| വടകര കൊട്ടത്തേങ്ങ | 9500 10000 |
| ചെറിയ കൊട്ടത്തേങ്ങ | 10500 11000 |
| വലിയ കൊട്ടത്തേങ്ങ | 12000 13000 |
| കുരുമുളക് പുതിയത് | |
| നാടൻ | 61500 |
| ചേട്ടൻ | 63000 |
| വയനാടൻ | 64000 |
| ചുക്ക് | 14000 17000 |
| മഞ്ഞൾ | 8000 |
| അടക്ക | 8800 |
| ഏലം പച്ച | 1050 1400 |
| റബ്ബർ ആർ.എസ്.എസ് 4 | 20600 |
| റബ്ബർ ആർ.എസ്.എസ് 5 | 19600 |
| റബ്ബർ ഒട്ടുപാൽ | 11200 |

**കണ്ണൂർ**

| | |
|---|---|
| വെളിച്ചെണ്ണ | 3250 |
| ബോക്സ് | 2050 |
| കൊപ്ര | 12200 |
| തേങ്ങ | 4000 |
| പിണ്ണാക്ക് | 3200 |
| കുരുമുളക് | 60,000 |
| അടക്ക പുതിയത് | 31,000 |
| പഴയത് | 32,000 |
| പഞ്ചസാര | 4,100 |
| വെല്ലം | 4,600-4,800 |
| പച്ചരി | 3,200 |
| കുറുവ | 3,900 |
| പൊന്നി | 4,600 |
| റോസ് | 4,600 |
| ബോധന | 4,100 |
| മൈദ | 1,960 |

**കാസർകോട്**

| | |
|---|---|
| അരി എ.പി.എം | 4350 |
| മഹാലക്ഷ്മി | 4350 |
| സൂപ്പർഫൈൻ | 6400 |
| ആനമാർക്ക് | 5700 |
| ആദിശക്തി | 4350 |
| പഞ്ചസാര | 4080 |
| വെളിച്ചെണ്ണ (ബോക്സ്) | 1600 |
| മൈദ ചാക്ക് | 1950 |
| മുളക് | 40000 |
| പച്ചരി | 2970 |
| എള്ള് പിണ്ണാക്ക് | 1700 |
| അടക്ക പുതിയത് | 30500-38500 |
| പഴയത് | 37000-46500 |
| കുരുമുളക് | 52000-62000 |
| കൊപ്ര | 7500-8500 |
| തേങ്ങ പൊതിച്ചത് | 2000-3150 |

**റബർ ബോർഡ് വില**

**കോട്ടയം**

| | |
|---|---|
| ആർ.എസ്.എസ്–4 | 20900 |
| ആർ.എസ്.എസ്–5 | 20500 |
| ഐ.എസ്.എൻ.ആർ-20 | 18600 |
| ലാറ്റക്സ് 60% drc) | 13845 |

സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വിപണി വിവരങ്ങൾ അറിയാൻ

**കേരള വാട്ടർ അതോറിട്ടി/ഇലട്രോണിക് ദർഘാസ് നോട്ടീസ്**

ദർഘാസ്: 18,19/EE/PHD/IJK/2024-25
സംസ്ഥാന പദ്ധതി- RWSS ആളൂർ-ആളൂർ പഞ്ചായത്തിലെ പാത്തിക്കാട് കേടായ 200 എംഎം എസി മാറ്റി 225 എംഎം പിവിസി സ്ഥാപിക്കലും RWSS മണിയംകുന്ന് കൊടിയംകുന്ന്- കേടായ 80 എംഎം എസി ഡിസ്ട്രിബ്യൂഷൻ ലൈനിനു പകരം 110 MM (10 KG/cm2) pvc പൈപ്പ്സ്ഥാപിക്കലും
നിരതദ്രവ്യം : Rs. 34124/,32668/- ടെണ്ടർ ഫീസ് : Rs. 2760/- each.
ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 18-10-2024 03:00:pm
ഫോൺ : 04802826608. വെബ്സൈറ്റ് : www.kwa.kerala.gov.in
www.etenders.kerala.gov.in എക്സിക്യൂട്ടീവ് എഞ്ചിനീയർ, PH ഡിവിഷൻ,
KWA-JB-GL-6-697-2024-25 ഇരിങ്ങാലക്കുട

SOUTH INDIAN Bank
**റീജണൽ ഓഫീസ് കണ്ണൂർ**
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

**വസ്തു ഇ-ലേല വിൽപന നോട്ടീസ് [റൂൾ-8 (6) & 9(1)]**

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാരായ **(1) ശ്രീ. അബ്ദുൾ നാസർ ബി.എ.** S/o അബുബക്കർ എം.ടി., M/s എം.ടി. ട്രേഡേഴ്സിന്റെ പ്രൊപ്രൈറ്റർ, ഡോർ നമ്പർ.കെ.പി. IV626, 627, ബന്തഡ്ക, കാസർകോട്-671541, താമസിക്കുന്നത് എം.ടി. ഹൗസ്, കരിവേടകം വില്ലേജ്, ബന്തഡ്ക, കാസർകോട്-671541, **(2) ശ്രീ. അബ്ദുൾ ഹമീദ് ബി.എ.** S/o അബുബക്കർ എം.ടി., ഏണിയാടി ഹൗസ്, ബന്തഡ്ക, കാസർകോട്-671541 ജാമ്യക്കാരായ **(3) എം.ടി. അബു